**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3153** **01-03-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം മുകേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സന്ദർശകർക്ക് ലോകോത്തര നിലവാരത്തിലുള്ള അനുഭവങ്ങൾ സമ്മാനിക്കും വിധം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പ്രാപ്തമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളെ എക്സ്പീരിയൻഷ്യൽ വിനോദ സഞ്ചാര കേന്ദ്രങ്ങളായി മാറ്റുന്നതിനും അത്തരം കേന്ദ്രങ്ങളെ ലോകോത്തര ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന്റെ ഭാഗമായി 'കാരവാൻ ടൂറിസം പദ്ധതി ' വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ ആദ്യത്തെ കാരവാൻ പാർക്ക് വാഗമണിൽ ആരംഭിച്ചു. നിലവിൽ 10 കാരവാനുകളാണ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രൗഢി വീണ്ടെടുക്കുന്നതിനുള്ള സമഗ്ര പദ്ധതി നടപ്പിലാക്കുകയാണ്. ഇതിന്റെ ഭാഗമായി കോവളം വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസനം സാധ്യമാക്കുന്നതിനുള്ള സമഗ്ര പദ്ധതി ഉടൻ ആരംഭിക്കും. ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ നടപ്പിലാക്കുന്ന സ്ട്രീറ്റ് പദ്ധതി വിനോദ സഞ്ചാരികളുടെ മുഖ്യ ആകർഷണ കേന്ദ്രമായി മാറുന്നുണ്ട്. ജല ടൂറിസത്തിന്റെ സാധ്യതകൾ വിപുലമായി ഉപയോഗിക്കുന്ന പദ്ധതിയും നടപ്പാക്കുന്നു.<br><br>വിദേശ-ആഭ്യന്തര വിനോദ സഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് പദ്ധതിയുടെ ആദ്യഘട്ടമായി നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ ഉതകും വിധം 30 |

| | | | |
|---|---|---|---|
| | | | കെട്ടിടങ്ങളുടെ ഇല്യൂമിനേഷൻ പ്രവൃത്തികളും വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>വിദേശ – ആഭ്യന്തര സഞ്ചാരികൾ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്ന വേളയിൽ തങ്ങളുടെ തൊഴിൽ ചുമതലകൾ ഓൺലൈനായി നിർവ്വഹിക്കാൻ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സജ്ജമാക്കുന്ന വർക്ക് ഫ്രം ഹോളിഡേ ഹോം എന്ന പദ്ധതിയും വകുപ്പിന്റെ പരിഗണനയിൽ ആണ്.<br><br>മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയിലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. |
| (ബി) | സംസ്ഥാനത്തെ മുഴുവൻ തീരദേശ പ്രദേശങ്ങളെയും തീരദേശ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ തെരഞ്ഞെടുത്ത തീരദേശങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു ക്രൂയിസ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജലപാത, കനാൽ ടൂറിസം എന്നിവ വികസിപ്പിച്ച് വിവിധ ടൂറിസം ഇടനാഴികൾ രൂപീകരിക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ട്. ഇതിന്റെ ഭാഗമായി കായൽ ടൂറിസം കൂടി യോജിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | കായൽ ടൂറിസം ഇടനാഴി രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (സി) | (ബി) പിരിവിന്റെ അതേ ഉത്തരം |
| (ഡി) | തിരുവിതാംകൂർ വിനോദസഞ്ചാര ഇടനാഴി സംബന്ധിച്ച് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | നിലവിൽ പദ്ധതി തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ